Revenue friends

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - റീസർവ്വെയ്ക്ക് ശേഷം വിസ്തീർണ്ണ വ്യത്യാസം വരുന്ന കേസുകളിൽ കരമൊടുക്കുന്നതിൽ വ്യക്തത വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഇ) വകുപ്പ്

സ.ഉ.(കൈ) നം.110/2022/RD തീയതി,തിരുവനന്തപുരം, 21-04-2022

പരാമർശം:- 1. റവന്യൂ ബോർഡ് (സർവ്വെ) സെക്രട്ടറിയുടെ 18/09/1991 ലെ ബി1-19446/91 നമ്പർ സർക്കുലർ.

2. 15/09/2020 ലെ സ.ഉ(കൈ)നം.214/2020/റവന്യൂ

<u>ഉത്തരവ്</u>

റീസർവ്വെ റിക്കാർഡിൽ കാണിച്ചിരിക്കുന്ന വിസ്തീർണ്ണം അടിസ്ഥാനരേഖയായി കണക്കാക്കി മാത്രമേ പോക്കുവരവ് ചെയ്യാൻ പാട്ടുള്ളൂവെന്നും പോക്കുവരവ് ചെയ്യുന്ന വിസ്തീർണ്ണം റീസർവ്വെ റിക്കാർഡുകളും അതോടനുബന്ധമായി തയ്യാറാക്കിയിട്ടുള്ള സബ് ഡിവിഷൻ റിക്കാർഡുകളും പ്രകാരം നിർണ്ണയിക്കേണ്ടതാണെന്നും പരാമർശം (1) പ്രകാരം റവന്യൂ ബോർഡ് സെക്രട്ടറി സർക്കുലർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലറിൽ സ്പഷ്ടീകരണം വരുത്തിയും റീസർവ്വെ റിക്കാർഡുകൾ പ്രകാരം വിസ്തീർണ്ണ വ്യത്യാസം സംബന്ധിച്ച പിശകുകൾ തിരുത്തുന്നതിലും പ്രസ്തുത റിക്കാർഡുകളെ തുടർന്ന് പോക്കുവരവ് അനുവദിക്കുന്നതിലും 1964 ലെ കേരള സർവ്വെ അതിരടയാള ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങളും വ്യവസ്ഥകളും കർശനമായി പാലിക്കണമെന്നും നിർദ്ദേശിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർവ്വെ വിസ്തീർണ്ണം അടിസ്ഥാന രേഖയായി കണക്കാക്കി പോക്കുവരവ് ചെയ്യണമെന്ന് സർക്കുലർ നിലവിലുണ്ടെങ്കിലും പല പ്രദേശങ്ങളിലും കരം ഒടുക്കി നൽകുകയോ പോക്കുവരവ് ചെയ്ത് നൽകുകയോ ചെയ്യാത്ത സാഹചര്യമാണ് ഉള്ളത്. ഇത്തരത്തിൽ അവകാശ പ്രമാണ രേഖ/ റവന്യൂ രേഖ എന്നിവയിലെ വിസ്തീർണ്ണത്തേക്കാൾ കൂടുതൽ വിസ്തീർണ്ണം റീസർവ്വെ പ്രകാരം വരുന്ന കേസുകളിൽ കരം സ്വീകരിക്കാത്തതായി നിരവധി പരാതികളുണ്ടാകുകയും ജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ റീസർവ്വെ വിസ്തീർണ്ണം കുറവുള്ള കേസുകളിൽ ഭൂവുടമകൾ സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നില്ല എന്ന ആക്ഷേപവും നിലനിൽക്കുന്നു.

2) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. റീസർവ്വെ നടപടികളുടെ ഭാഗമായി ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച് കൂടുതൽ/കുറവ് ഉണ്ടാകുന്ന കേസുകളിൽ പ്രസ്തുത വിഷയം സർവ്വെ ആന്റ് ബൗണ്ടറീസ് ആക്ട് പ്രകാരമുള്ള നടപടികൾ പാലിച്ച് ബന്ധപ്പെട്ട അധികാരികളോ, തർക്കമുള്ള പക്ഷം കോടതികളോ വിഷയം അന്തിമമായി തീർച്ചപ്പെടുത്താതെ നിർണ്ണയിക്കപ്പെടാവുന്നതല്ല. ഈ സാഹചര്യത്തിൽ റീസർവ്വെയിൽ വിസ്തീർണ്ണ വർദ്ധനവ് കാണുന്ന കേസുകളിൽ, റീസർവ്വേക്കു മുൻപ് ആധാര പ്രകാരം പോക്ക് വരവ് ചെയ്ത

Scanned with CamScanner

കരമൊടുക്കി വന്നതിന്റെ അടിസ്ഥാനത്തിലും, വിസ്തീർണ്ണം കുറവുള്ള കേസുകളിൽ കൈവശത്തിലുള്ള ഭൂമിക്കും, കരം ഒടുക്കി നൽകുന്നതിന് സമ്മതമാണെന്ന് അറിയിച്ചുകൊണ്ട്, ബന്ധപ്പെട്ട കക്ഷി ഡിക്ലറേഷൻ നൽകുന്ന സംഗതിയിൽ, അവയ്ക്ക് കരം തീർത്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) പരാമർശം (1)ലെ സർക്കുലറും സൂചന (2) ലെ സർക്കാർ ഉത്തരവും ഇതിനാൽ റദ്ദ് ചെയ്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
സർവ്വെ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Shahansha.a
Date: 22-04-2022 10:52:33
സെക്ഷൻ ഓഫീസർ

Scanned with CamScanner